ഇ.എസ്5/2028/2019/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 19/05/2022

## നോട്ടീസ്

വിഷയം:- ആ.വ.ഡ – ആരോഗ്യ വകുപ്പിലെ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. അനി. കെ. സി. യുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന :-
1. ഉത്തരവ് നമ്പർ ഇ. എസ്5-2028/2019/ആ.വ.ഡ, തീയതി. 30.09.2021
2. ഉത്തരവ് നമ്പർ ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 07.05.2012
3. ഉത്തരവ് നമ്പർ ഇ. എസ്5-61325/2016/ആ.വ.ഡ, തീയതി. 19.01.2017

ആരോഗ്യ വകുപ്പിൽ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. അനി. കെ. സി. യുടെ 01.01.1997 മുതൽ 31.12.2010 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 273 A ആണ് എന്ന് മേൽ സൂചന (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 പട്ടികയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ലെ റാങ്ക് 268 A അടിസ്ഥാനമാക്കിയാണ് ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിനാൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 റാങ്ക് 273 A എന്നതിനനുസരിച്ച് ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിലെ റാങ്ക് പുനഃക്രമീകരിച്ച് നൽകേണ്ടതുണ്ട്.

ആരോഗ്യവകുപ്പിലെ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 സീനിയോറിറ്റി പട്ടികയിൽ ശ്രീ. അനി. കെ. സി, റാങ്ക് നമ്പർ 201 ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അനി. കെ. സി. യുടെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2 റാങ്ക് 273A അടിസ്ഥാനമാക്കി ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 പട്ടികയിൽ ശ്രീ.അനി. കെ. സി. ക്ക് 207 A എന്ന സ്ഥാനത്തിനാണ് അർഹതയുള്ളത്. ആയതിനാൽ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 പട്ടികയിൽ ശ്രീ.അനി. കെ. സി. ക്ക് നൽകിയിരുന്ന റാങ്ക് നമ്പർ 201 എന്ന സ്ഥാനം റദ്ദ് ചെയ്ത് 207 A എന്ന സ്ഥാനം താൽക്കാലികമായി അനുവദിച്ച് നൽകാൻ തീരുമാനിച്ചിരിക്കുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു

| Sl. No. | Name & PEN No | Date of Birth | Qualification | Existing Rank No in the seniority list Lab Tech. Gr. I as on 30.06.2019 | New Rank No in the seniority list Lab Tech. Gr. I as on 30.06.2019 | Remarks |
|---|---|---|---|---|---|---|
| 1 | ANI. K. C, 186804 | 12.02.1974 | PDC, MLT | 201 | 207 A | Lab Technician Gr. II Seniority No. 273 A |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാരന് സീനിയോറിറ്റി അംഗീകരിച്ചു നൽകുന്നതിന് ആക്ഷേപമുള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം മേലധികാരി മുഖേന രേഖാമൂലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ആക്ഷേപം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപം ഒന്നും ഇല്ലായെന്ന നിഗമനത്തിൽ ടി തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ശ്രീ. അനി. കെ. സി, ലാബ് ടെക്നീഷ്യൻ, ജില്ലാ ആശുപത്രി, നെടുമങ്ങാട്
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്